**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2126** **09-12-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളിൽ സ്ഥാപിച്ചിരിക്കുന്ന എ.ഐ ക്യാമറകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളുടെ എണ്ണം എത്ര ; ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ "സേഫ് കേരള പദ്ധതി" യുടെ ഭാഗമായി 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ച വകയിൽ കെൽട്രോണിന് നാളിതുവരെ ചെലവായ തുക നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത നിരീക്ഷണ ക്യാമറയുടെ ഉപയോഗം വിശദമാക്കാമോ; അതിൽ എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചെന്നും ഉദ്ദേശ്യലക്ഷ്യം കൈവരിച്ചെന്നും അറിയിക്കാമോ; | (ബി) | ഹെൽമറ്റ് ധരിക്കാതിരിക്കുക, ഇരുചക്ര വാഹനത്തിൽ രണ്ടുപേരിലധികം യാത്ര ചെയ്യുക, സീറ്റ് ബെൽറ്റ് ധരിക്കാതിരിക്കുക, വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുക, നിയമപ്രകാരമല്ലാത്ത നമ്പർ പ്ലേറ്റ് പ്രദർശിപ്പിച്ച് വാഹനമോടിക്കുക, അമിത വേഗത്തിൽ വാഹനം ഓടിക്കുക മുതലായ നിയമലംഘനങ്ങൾ കണ്ടെത്തി പിഴ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുവാനും അതുവഴി റോഡപകടങ്ങൾ കുറയ്ക്കുവാനും സാധിക്കുന്നതാണ്. പ്രസ്തുത ക്യാമറകൾ ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| (സി) | ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത ക്യാമറകൾ എന്നത്തേക്ക് പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ; ഇതിന് എന്തെങ്കിലും തടസങ്ങളുണ്ടോയെന്നും അറിയിക്കാമോ; | (സി) | പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ക്യാമറകൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പൊതുപണം പാഴായിപ്പോകാതെ മുഴുവൻ ക്യാമറകളും അടിയന്തരമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിക്ക് സമഗ്രമായ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ക്യാമറകൾ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ